3833
4/3/21

ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

നം.എഫ്1/9/2019-എ.എച്ച്

കൃഷി(എ.എച്ച്-എഫ്) വകുപ്പ്
തിരുവനന്തപുരം
തീയതി : 01/03/2021

## അനൗദ്യോഗിക കുറിപ്പ്

വിഷയം :- കൃഷി (മൃഗസംരക്ഷണ )വകുപ്പ് - കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ 5 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള മന്ത്രിസഭാ യോഗതീരുമാനം അറിയിക്കുന്നത്- സംബന്ധിച്ച്

സൂചന :- 17/02/2021-ലെ മന്ത്രിസഭാ യോഗ തീരുമാനം.

സൂചനയിലേക്ക് വെബ് & ന്യൂ മീഡിയാ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ 5 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം സംബന്ധിച്ചുള്ള മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പും, യോഗത്തിലേക്ക് സമർപ്പിക്കാനായി തയ്യാറാക്കിയിരുന്ന കുറിപ്പിന്റെ പകർപ്പും ആ വകുപ്പിന് നൽകാവുന്നതാണ്.

**ഷീജ. ആർ. എസ്**
അണ്ടർ സെക്രട്ടറി

വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

87

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. എഫ്1/9/2019/എ.എച്ച്.ഡി. ഇനം നം: 4702

വിഷയം : കൃഷി (മൃഗസംരക്ഷണ) വകുപ്പ് - കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ താത്കാലികമായി ജോലി നോക്കി വരുന്ന 5 (അഞ്ച്) ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : പിൻവലിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

17/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി (മൃഗസംരക്ഷണ) വകുപ്പ്.

18/2

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്1 /9/2019/എ.എച്ച്.ഡി |
| 2 | വകുപ്പ് | : | കൃഷി (മൃഗസംരക്ഷണ-എഫ്) വകുപ്പ് |
| 3 | വിഷയം | : | കൃഷി (മൃഗസംരക്ഷണ) വകുപ്പ് - കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ താത്കാലികമായി ജോലി നോക്കി വരുന്ന 5 (അഞ്ച്) ജീവനക്കാരെ, സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09/01/2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | പ്ലാനിംഗ് (ബി.പി.ഇ) വകുപ്പ്, നിയമ വകുപ്പ്, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഷീല.പി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03/02/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/02/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ.കെ.രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13/02/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/02/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ താൽക്കാലികാടിസ്ഥാനത്തിൽ 'അവിദഗ്ദതൊഴിലാളി' കാറ്റഗറിയിൽ ജോലിയിൽ തുടർന്നു വരുന്ന 5 (അഞ്ച്) ജീവനക്കാരെ ബോർഡിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ചാണ് ഈ കുറിപ്പ്

2) കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ തുടർന്നു വരുന്ന 5 താൽക്കാലിക ജീവനക്കാരുടെ പേര് വിവരങ്ങളും നിയമനരീതിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് & വിലാസം | സർവ്വീസിൽ പ്രവേശിച്ച തീയതി | യോഗ്യത | ബോർഡിൽ നിയമിക്കപ്പെട്ട രീതി | പൂർത്തിയാക്കിയ സേവന കാലയളവ് (നാളിതുവരെ) | തസ്തിക & പദ്ധതി | യൂണിറ്റ് |
|---|---|---|---|---|---|---|---|
| 1 | സോഫിയ രാജ്.ജി.എൽ, ശ്രീ.ഗുരുനിവാസ്, കൈനഗിരി, ആലപ്പുഴ - 688 501 | 24.08.2005 | Plus Two & KGTE | പത്രപരസ്യം | 15 Years 4 Months | Goat Scheme | RSB, Puthuppady, Kozhikkode |
| 2 | ശ്രീ.അനിൽകുമാർ.ബി T.C 41/2478(1) കന്നുള്ളവിള വീട് തോട്ടം, മണക്കാട്.പി.ഒ തിരുവനന്തപുരം -9 | 18.04.2007 | B.Com | Direct | 13 Years 8 Months | Various GOI Schemes Office Work | Head Office Trivandrum |
| 3 | ശ്രീ.സച്ചിൻ രാജ്.ആർ ശ്യാമള നിവാസ്, റ്റി.സി.36/794,DESRA 84 പെരുന്താന്നി, തിരുവനന്തപുരം -8 | 06.07.2010 | B.Sc | നേരിട്ട് | 10 years 5 Months | Various GOI Schemes office work | Head Office, Trivandrum |
| 4 | ശ്രീമതി.ഷാജി.എസ്, റ്റി.സി 17/1743 (2) മുക്കംത്തല വിളാകം, കാട്ടുറോഡ്, പൂജപ്പുര.പി.ഒ തിരുവനന്തപുരം -012. | 06.11. 2010 | PDC | നേരിട്ട് | 10 years 1 Month | Various GOI Schemes office work | Head Office, Trivandrum |
| 5 | ശ്രീ.സന്തോഷ്.എസ് സന്തോഷ് ഭവൻ, വിതുര.പി.ഒ തിരുവനന്തപുരം | 04.11. 2010 | SSLC | Direct | 10 Years 1 Month | Driver | Head Office, Trivandrum |

3) 15/11/2014-ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.259/14/എ.ഡി പ്രകാരം, കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിലെ അവിദഗ്ധ തൊഴിലാളികളുടെ യോഗ്യതയും,. നിയമന രീതിയും റെഗുലൈസേഷൻ രീതിയും ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| Method of appointment | To be recruited through Employment Exchange on a "likely to be permanent basis" on daily wages. Recruitment shall be made by a selection committee constituted for the purpose and selection made based on physical test, skill test and interview. The workers so recruited are paid on daily wages and allowed to continue in service if their services are found to be satisfactory by the concerned Unit Head. |
| Qualification | 1) A pass in Standard VII<br>2) Good physique |
| Wages | As approved by Government from time to time |
| Qualifying service for Regularisation | Regularisation will be considered by the Board of Directors after completion of three years of temporary service depending on the necessity at the particular unit subject to the availability of required vacancy against sanctioned posts which was already created with the approval of Government, provided their performance during the temporary service is found satisfactory and the same is recommended by the Unit Head. |

4) പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി-യുടെ പരിധിയിൽ പെടാത്ത നിയമനങ്ങൾ സംബന്ധിച്ച മറ്റൊരു ഫയൽ ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പിനയച്ചപ്പോൾ ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

*" ഭരണ വകുപ്പിന്റെ ജി.ഒ (എം.എസ്) നം.259/14/AD തീയതി 15/11/14 പ്രകാരം Unskilled Workers നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കേണ്ടതാണ്. കൂടാതെ, ഈ വകുപ്പിന്റെ സർക്കുലർ നം.14896/BPE..2/91/Plg. തീയതി 28.02.92 പ്രകാരവും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽപ്പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തേണ്ടത്. മേൽ സാഹചര്യത്തിൽ ഭരണ വകുപ്പിന്റെ നിർദ്ദേശത്തോട് ഈ വകുപ്പിന് യോജിക്കാൻ കഴിയില്ല. മേൽ ഉത്തരവുകളിന്മേൽ ഇളവ് വേണമെന്ന് ഭരണ വകുപ്പ് തീരുമാനിക്കുന്നുവെങ്കിൽ മന്ത്രിസഭയുടെ അനുമതി വാങ്ങി സുതാര്യമായ നിയമന നടപടിക്രമങ്ങളിലൂടെ നടപ്പാക്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു "*

5) 02.03.2016-ലെ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് ഈ വിഷയം വയ്ക്കുന്നതിന് മുമ്പ് നിയമ വകുപ്പ് ഇപ്രകാരം അറിയിക്കുകയുണ്ടായി.

" Public employment by the Government and its instrumentalities under our constitution is based on a procedure established in that behalf. The power of the State as an employer is circumscribed by the constitutional confines of Article 309 of the Constitution. That Article contemplates the drawing up of a procedure and rule to regulate the recruitment. If rules have been made under Article 309 of the Constitution, then the Government can make appointments only in accordance with the rules . Nonetheless sovereign government, considering the economic situation in the country and the work to be got done, is not precluded from making temporary appointments or engaging workers on daily wages. There were several conflicting views of various High Courts and by Benches of lesser strength of the Hon'ble Supreme Court on the question of regularisation of temporary appointments and workers engaged on daily wages. The Constitution Bench of the Hon'ble Supreme Court in Secretary, State of Karnataka Vs Umadevi AIR 2006 SC 1806 resolving the conflict observed that it is necessary to keep in mind the distinction between regularisation and conferment of permanence in service jurisprudence. Approving the dictum of in B.N.Nagarajan and Ors Vs State of Karnataka and Ors.[(1979) 3 SCR 937], the 5 Judge Bench in Umadevi clearly held that the words "regular or regularisation" do not cannote permanence and cannot be construed so as to convey an idea of the nature of tenure of appointments. They are terms calculated to condone procedural irregularities and are meant to cure only such defects as are attributable to methodology followed in making the appointments. The Court emphasized that when rules framed under Article 309 of the Constitution of India are in force, no regularisation is permissible in exercise of the executive powers of the Government under Article 162 of the Constitution in contravention of the rules. Hon'ble Supreme Court in Umadevi AIR 2006 SC 1806 held that a regular process of recruitment or appointment has to be resorted to, as and when regular vacancies in the posts arise. The Supreme Court emphatically held that the filling up of those vacancies cannot be done in a slapdash manner based on patronage or other considerations. The Court however, directed the Union of India, the State Governments and their instrumentalities to regularise as a one-time measure, the services of such irregularly appointed, who have worked for ten years or more in duly sanctioned posts. It was made clear that such continuance in service should not have been under the cover of orders of courts or of tribunals.

In Umadevi, the Hon'ble Supreme Court directed the Union of India, the State Governments and their instrumentalities to further ensure that regular recruitments are undertaken to fill those vacant sanctioned posts that require to be filled up, in cases where temporary employees or daily wages are being employed. The process was to be set in motion within six months from the date of the judgment in Umadevi. Hon'ble Supreme court emphasized that there should be no further bypassing of the constitutional requirements and regularising or making permanent, those not duly appointed as per the constitutional scheme.

Regarding the heartburn caused to those who toiled many years on the basis of temporary appointments and whose services could not be regularised the Court observed as follows:

*"It may be true that he is not in a position to bargain - not at arm's length - since he might have been searching for some employment so as to eke out his livelihood and accept whatever he gets. But on that ground alone, it would not be appropriate to jettison the constitutional scheme of appointment and to take the view that a person who has temporarily or casually got employed should be directed to be continued permanently. By doing so, it will be creating another mode of public appointment which is not permissible ".*

When a person enters a temporary employment or gets engagement as a contractual or casual worker and the engagement is not based on a proper selection as recognized by the relevant rules or procedure, he is aware of the consequences of the appointment being temporary, casual or contractual in nature. Supreme Court further held that such a person cannot invoke the theory of legitimate expectation for being confirmed in the post when an appointment to the post could be made only by following a proper procedure for selection and in consultation with the the Public Service Commission.

Hon'ble Supreme Court further observed thus.

*"There are so many waiting for employment and an equal opportunity for competing for employment. It is in that context that the Constitution as one of its basic features has included Articles 14, 16 and 309 to ensure that public employment is given only in a fair and equitable manner by giving all those who are qualified, an opportunity to seek employment "*

The Supreme Court further held in the decision that the Union of India, the State Governments and their instrumentalities should take steps in regularise as a one-time measure, the services of such irregularly appointed who have worked for ten years or more in duly sanctioned posts but not undercover of orders of courts or of tribunals. The Court emphasized that further regular recruitments are undertaken to fill the vacant sanctioned posts that require to be filled up, in cases where temporary employees daily wagers are being now employed. The Supreme Court finally in judgment said that there should be no further by passing of the constitutional requirement and regularising or making permanent, the not duly appointed as per the constitutional scheme. Hon'ble Supreme Court in State of U.P Vs Rekha Rani AIR 2011 SC 1893 that a claim for regularisation of service cannot be allowed merely because some similarly situation had been granted relief.

The decision in State of Karnataka Vs Umadevi was rendered on 10.04.2006. In State of Karnataka V.M Kesari AIR 2010 SC 2587 Supreme Court held that the object behind the direction given to Secretary, State of Karnataka Vs, Umadevi AIR 2006 SC to the Government or its instrumentalities, to take steps to regularise services of those irregularly appointed employees who had served for more than ten years without the benefit or protection of any interim orders of courts or Tribunal as a one-time measures within six months from date of decision, was to fold. First was to ensure that those who have put in more than ten years to continuous service without the protection of any interim orders of Courts of Tribunals before the decision in Secretary, State of Karnataka Vs. Umadevi AIR 2006 SC 1806 was rendered, are considered for regularisation in view their long service. Second is to ensure that the departments/instrumentalities do not perpetuate the practice of employing person on daily-wage/adhoc/casual; for long periods and then periodically regularise them on the ground that they have served for more than ten years, thereby dealing the constitutional or statutory provisions relating to recruitment and appointment.

Therefore, it is clear that the direction in Secretary, State of Karnataka Vs Umadevi was only as a one-time measure and that this practice of employing person on daily-wage/adhoc/casual for long periods and then periodically regularise them on the ground that they have served for more than ten years was not to be perpetuated by the departments/instrumentalities any further. This judgment was later followed in various decisions including "State of Jharkhand Vs Kamal Prasad" AIR 2014 SC (Supp) 390. The administrative departments may take a decision in accordance with the decisions of the Hon'ble Supreme Court cited supra "

6) പ്രസ്തുത 5 താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ 12 പേരെ സ്ഥിരപ്പെടുത്തണമെന്ന വിഷയം അജണ്ട നം.8687 ആയി 02.03.2016-ലെ മന്ത്രിസഭാ യോഗത്തിൽ ഉൾപ്പെടുത്തുകയും, മന്ത്രിസഭാ യോഗം ആയത് അംഗീകരിച്ചുവെങ്കിലും, തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വന്ന കാലയളവായതിനാൽ ഈ വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിച്ചില്ല. പിന്നീട് അപേക്ഷകർ സമർപ്പിച്ച പരാതിയിന്മേൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം ഈ വിഷയം ചീഫ് സെക്രട്ടറിയുടെ കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ 01.01,2016 മുതൽ 30.04.2016 വരെയുള്ള മന്ത്രിസഭാ യോഗതീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് പ്രകാരം ഈ ഫയലിനാസ്പദമായ വിഷയം റദ്ദാക്കുകയും ചെയ്തിരുന്നു.

7) കൂടാതെ, പ്രസ്തുത 5 താത്ക്കാലിക ജീവനക്കാർ ഉൾപ്പെടുന്ന 9 അവിദഗ്ധ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം വീണ്ടും 29/01/2019-ൽ കൂടിയ 211-ാമത് ഡയറക്ടർ ബോർഡ് യോഗത്തിൽ സമർപ്പിക്കുകയും ആയത് ബോർഡ് താഴെ പറയുന്ന കാരണങ്ങളാൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് കെ.എൽ.ഡി.ബി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

"കെ.എൽ.ഡി.ബിയിലെ അവിദഗ്ധ തൊഴിലാളികളുടെ നിയമനരീതി, വിദ്യാഭ്യാസയോഗ്യത, വേതനം, ജോലി എന്നിവ ക്രമപ്പെടുത്തി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 15.11.2014 നാണ് എന്നാൽ ടി 9 തൊഴിലാളികളും പ്രസ്തുത കാലയളവിന് മുമ്പ് തന്നെ ജോലിയിൽ പ്രവേശിച്ചവരാണ്. (എന്നാൽ 15.11.2014 ലെ ജി.ഒ (എം.എസ്) നം.259/14/എ.ഡി പ്രകാരം ഇവരിൽ ഒരാളൊഴികെ മറ്റാരും Employment Exchange ൽ നിന്നും നിയമിക്കപ്പെട്ടവരല്ല) 2015 മുതൽ നാളിതുവരെ സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത ചട്ടങ്ങൾക്ക് അനുസരിച്ച് കെ.എൽ.ഡി.ബി-യിൽ വിവിധ ഫാമുകളിലായി 50-ൽ കൂടുതൽ തൊഴിലാളികളെ നിയമിക്കുകയും ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം, നിയമിതരായവരുടെ സേവന വ്യവസ്ഥ മൂന്ന് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്രമപ്പെടുത്താറുണ്ട്. എന്നാൽ ഈ 9 പേർക്കും ടി ആനുകൂല്യം നിഷേധിക്കുകയാണ് ഉണ്ടായത്. ആയതിനാൽ ഇവർക്ക് തുല്യ നീതി കിട്ടേണ്ടതുണ്ട്. ബോർഡിൽ വിവിധ യൂണിറ്റുകളിൽ അവിദഗ്ധതൊഴിലാളികളുടെ മതിയായ ഒഴിവുകളുണ്ട്. ഇവരിൽ പലർക്കും പ്രായപരിധികഴിഞ്ഞതിനാൽ മറ്റു ജോലിക്ക് അപേക്ഷിക്കാൻ പറ്റാത്തവരാണ്. കൂടാതെ ഇവർ തങ്ങളുടെ ജോലി സത്യസന്ധമായി ചെയ്യുന്നവരാണ്"

8) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

*" State of Karnataka Vs Uma Devi കേസിൽ, 09/06/2006 ന ശേഷം ദിവസവേതന/താല്ക്കാലിക ജീവനക്കാരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് നിയമവിരുദ്ധമാണെന്ന് 10/04/2006-ലെ ഉത്തരവിലൂടെ ബഹു.സുപ്രീം കോടതി വിധിച്ചിരുന്നു. ഇതേത്തുടർന്ന് ഇറക്കിയ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 04/02/2016-ലെ കുറിപ്പിൽ ദിവസവേതന/താല്ക്കാലിക ജീവനക്കാരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് മേൽ സുപ്രീം കോടതി വിധിയുടെ ലംഘനമാകുമെന്നതിനാൽ ഇത്തരം പ്രൊപ്പോസൽ പരിഗണിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്ന പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. ബഹു. സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ, ദിവസവേതന/താല്ക്കാലിക ജീവനക്കാരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് കോടതി അലക്ഷ്യത്തിന് വഴിവെയ്ക്കും എന്നതിനാൽ ഇക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കുവാൻ ധനകാര്യ വകുപ്പിന് കഴിയില്ലായെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. "*

9) കെ.എൽ.ഡി.ബി-യിൽ തൊഴിലാളി നിയമനം അംഗീകരിച്ച് കൊണ്ട് സ്പെഷ്യൽ റൂൾ നിലവിൽ വന്ന 15/11/2014-ന് മുമ്പ് നേരിട്ടുള്ള നിയമനം വഴി വന്ന 8 പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വന്ന ഒരാളും ഉൾപ്പെടെ 9 താല്ക്കാലിക തൊഴിലാളികൾക്ക് (രണ്ടാം ഖണ്ഡികയിൽ പരാമർശിക്കുന്ന 5 താല്ക്കാലിക ജീവനക്കാർ ഉൾപ്പെടെ) മുൻകാലപ്രാബല്യമില്ലാതെ ആസൂത്രണ സാമ്പത്തിക കാര്യവകുപ്പിന്റെ ഇത് സംബന്ധിച്ച സർക്കുലറിന്റെയും, നിയമ, ധനകാര്യ വകുപ്പുകളുടേയും എതിർപ്പിനെയും മറികടന്ന് കൊണ്ട് സ്ഥിര നിയമനം നൽകുന്ന വിഷയം വീണ്ടും ഇനം നം.3291 ആയി 21-08-2019 ലെ മന്ത്രി സഭാ യോഗത്തിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് യോഗം പിൻവലിക്കുകയാണ് ഉണ്ടായത്.

10) ഈ വിഷയം വീണ്ടും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മൃഗസംരക്ഷണവകുപ്പ് മന്ത്രി അറിയിച്ചതിനെ തുടർന്ന് ഈ വിഷയത്തിന്മേൽ എം.ഡി, കെ.എൽ.ഡി.ബി വീണ്ടും ഇപ്രകാരം അറിയിച്ചിരുന്നു.

"01-04-1990 ന് സർക്കാർ അംഗീകരിച്ച ഉദ്യോഗസ്ഥ ഘടന രീതിയിൽ കെ.എൽ.ഡി.ബിയിലെ വർക്കർ കാറ്റഗറി വിഭാഗം ജീവനക്കാർ പി.എസ്.സിയുടെ പരിധിയിൽ വരാത്തതാണെന്നും, കെ.എൽ.ഡി.ബിയിലെ അവിദഗ്ധതൊഴിലാളികളുടെ നിയമനരീതി, വിദ്യാഭ്യാസയോഗ്യത, വേതനം, ജോലി എന്നിവ ക്രമപ്പെടുത്തി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 15.11.2014 നാണ് എന്നാൽ ടി തൊഴിലാളികളും പ്രസ്തുത കാലയളവിന് മുമ്പ് തന്നെ ജോലിയിൽ പ്രവേശിച്ചവരാണ്. 2015 മുതൽ നാളിതുവരെ സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത ചട്ടങ്ങൾക്ക് അനുസരിച്ച് കെ.എൽ.ഡി.ബി-യിൽ വിവിധ ഫാമുകളിലായി 50-ൽ കൂടുതൽ തൊഴിലാളികളെ നിയമിക്കുകയും ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം, നിയമിതരായവരുടെ സേവന വ്യവസ്ഥ മൂന്ന് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്രമപ്പെടുത്താറുണ്ട്. എന്നാൽ ഈ 9 പേർക്കും ടി ആനുകൂല്യം നിഷേധിക്കുകയാണ് ഉണ്ടായത്. ആയതിനാൽ ഇവർക്ക് തുല്യ നീതി കിട്ടേണ്ടതുണ്ട്. ബോർഡിൽ വിവിധ യൂണിറ്റുകളിൽ അവിദഗ്ധ തൊഴിലാളികളുടെ മതിയായ

ഒഴിവുകളുണ്ട്. ഇവരിൽ പലർക്കും പ്രായപരിധികഴിഞ്ഞതിനാൽ മറ്റു ജോലിക്ക് അപേക്ഷിക്കാൻ പറ്റാത്തവരും കൂടാതെ ഇവർ തങ്ങളുടെ ജോലി സത്യസന്ധമായി ചെയ്യുന്നവരുമാണ് ആയതിനാൽ ഇവർക്ക് മാനുഷിക പരിഗണന നൽകി നിലവിലുള്ള ഒഴിവുകളിൽ അവിദഗ്ധ വിഭാഗത്തിൽ നിയമിക്കേണ്ടതാണെന്ന് വീണ്ടും കെ.എൽ.ഡി.ബി എം.ഡി അഭ്യർത്ഥിച്ചിട്ടുണ്ട്".

11) കൂടാതെ, പ്രസ്തുത 5 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമൂലമുള്ള അധിക സാമ്പത്തിക ബാധ്യത 1,65,300/- രൂപ (ഒരു ലക്ഷത്തി അറുപത്തയ്യായിരത്തി മുന്നൂറ് രൂപ) ആണെന്നും, കെ.എൽ.ഡി.ബി വർഷങ്ങളായി ലാഭത്തിലാണെന്നും, 2016-17 മുതൽ 2019-2020 വരെയുള്ള ബോർഡിന്റെ സാമ്പത്തിക സ്ഥിതി ചുവടെ പറയും പ്രകാരമാണെന്നും;

| Financial Year | Turnover (lakh Rs) | Net profit (lakh Rs) | Remarks |
|---|---|---|---|
| 2016-17 | 2049.45 | 28.81 | Under statutory audit |
| 2017-18 | 2458.29 | 26.89 | provisional |
| 2018-19 | 1,983.00 | 6.14 | provisional |
| 2019-20 | 2168.65 | 14.40 | provisional |

കൂടാതെ, ഇതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡിന്റെ തനത് വിഭവങ്ങളിൽ നിന്നും കണ്ടെത്തുന്നതാണെന്നും കെ.എൽ.ഡി.ബി എം.ഡി അറിയിച്ചിരിക്കുന്നു.

12) ഇതുപ്രകാരം മേൽ പറഞ്ഞ 9 അവിദഗ്ധ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമന്ന കെ.എൽ.ഡി.ബി എം.ഡിയുടെ അഭ്യർത്ഥനയിന്മേൽ, 10 വർഷം പൂർത്തിയാക്കിയ 5 പേരെ സ്ഥിരപ്പെടുത്താൻ വേണ്ടി ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക്

സമർപ്പിക്കാൻ ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രി ഉത്തരവാകുകയും അതിൻ പ്രകാരം ഫയൽ സമർപ്പിച്ചപ്പോൾ മേൽ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട കാര്യം

ആസൂത്രണ സാമ്പത്തിക കാര്യം, ധനം, നിയമം എന്നീ വകുപ്പുകളുടെ അഭിപ്രായം മറികടന്ന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ തൊഴിലാളി നിയമനം അംഗീകരിച്ച് സ്പെഷ്യൽ റൂൾ നിലവിൽ വന്ന 15/11/2014-ന് മുമ്പ് നേരിട്ടുള്ള നിയമനം വഴി നിയമിക്കപ്പെടുകയും, കമ്പനിയിൽ 10 വർഷമോ അതിൽ കൂടുതലോ കാലാവധി നിലവിൽ പൂർത്തിയാക്കുകയും ചെയ്ത (രണ്ടാം ഖണ്ഡികയിൽ സൂചിപ്പിച്ച) 5 (അഞ്ച്) താല്ക്കാലിക തൊഴിലാളികളെ മുൻകാലപ്രബല്യമില്ലാതെ സ്ഥിരപ്പെടുത്തി നിയമനം നൽകാമോ ?